# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4370 — 17/05/2017-ൽ മറുപടിക്ക്

## ആരോഗ്യകിരണം പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. രാജഗോപാലൻ**<br>**ശ്രീ.എ.എം. ആരിഫ്**<br>**ശ്രീ.വി. ജോയി**<br>**ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് ആരോഗ്യകിരണം പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; | എ) | ഉണ്ട് |
| ബി) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | ബി) | ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് എല്ലാ വിധത്തിലുള്ള ചികിത്സകളും സൗജന്യമായി നൽകുന്ന പദ്ധതിയാണ് ആരോഗ്യ കിരണം |
| സി) | പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും ഇവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കയാണെന്നും വ്യക്തമാക്കാമോ; | സി) | ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് എല്ലാ സർക്കാർ ആശുപത്രികളിലും ആരോഗ്യകിരണം പദ്ധതിയിലൂടെയുള്ള ചികിത്സാ സഹായം ലഭിക്കും. എ.പി.എൽ/ബി.പി.എൽ വ്യത്യാസം ഇല്ല. എന്നാൽ ആദായ നികുതി ദായകർക്കും സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല. |
| ഡി) | എന്തെല്ലാം ചികിത്സാ ചെലവുകളാണ് ഈ പദ്ധതി പ്രകാരം സൗജന്യമായി ലഭിക്കുന്നത്; | ഡി) | ഒ.പി.ടിക്കറ്റ്, മരുന്നുകൾ, ആശുപത്രിയിൽ നടത്തുന്ന പരിശോധനകൾ, ചികിത്സകൾ എന്നിവ സൗജന്യമായി ലഭിക്കുന്നതാണ്. ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ / പരിശോധനകൾ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള നിർദ്ദിഷ്ട മരുന്നു കടകൾ / ലാബുകളിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്.<br>**ഹാജരാക്കേണ്ട രേഖകൾ**<br>➢ ഒ.പി. ടിക്കറ്റിനോടൊപ്പം പൂർണ്ണമായ ചികിത്സാ രേഖകൾ<br>➢ സാഹചര്യമനുസരിച്ച് ആശുപത്രി അധികൃതർ ആവശ്യപ്പെടുന്ന മറ്റ് രേഖകൾ |
| ഇ) | ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാനും അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ